പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 637. — 07/01/2014 -ൽ മറുപടിക്ക്

മുദ്രപത്രങ്ങളുടെ ദൗർലഭ്യം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ. കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) ഏറ്റവും കൂടുതൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 100 രൂപയുടെ മുദ്രപത്രം കിട്ടാനില്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) & ബി) | മുദ്രപ്പത്രങ്ങളുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, ആയത് പരിഹരിക്കുന്നതിനായി, നാസിക് ഇന്ത്യാ സെക്യൂരിറ്റി പ്രസ്സിൽ നിന്നും 56,71,000/- എണ്ണം 100/- രൂപയുടെ മുദ്രപ്പത്രങ്ങൾ ലഭ്യമാക്കി, ആയത്, 2013 ഡിസംബർ 9 മുതൽ വിവിധ ജില്ലാ സ്റ്റാമ്പ് ഡിപ്പോ/ട്രഷറികൾക്ക് വിതരണം ചെയ്ത് വരുന്നുണ്ട്. ഇതുവരെ 13,05,000/- എണ്ണം 100/- രൂപാ മുദ്രപ്പത്രങ്ങൾ വിവിധ ഡിപ്പോകൾക്കായി വിതരണം ചെയ്ത് കഴിഞ്ഞിട്ടുണ്ട്. നിലവിൽ 100/- രൂപയുടെ 43,66,000/- മുദ്രപ്പത്രങ്ങൾ സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ സ്റ്റോക്കുണ്ട്. ക്ഷാമം അനുഭവപ്പെടുന്ന സ്റ്റാമ്പ് ഡിപ്പോകളിൽ ഇതിനകം തന്നെ മുദ്രപ്പത്രങ്ങൾ വിതരണം നടത്തിയിട്ടുണ്ട്. |
| ബി) വസ്തു വിൽപ്പന കരാറുകൾക്കും, പഞ്ചായത്തുകളിലെ നിർമ്മാണ കരാറുകൾക്കും 100 രൂപയുടെ മുദ്രപത്രം അത്യാവശ്യമായതിനാൽ, മുദ്രപത്ര ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ.